"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല – കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് - 2011-2012, 2012-2013 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.6 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.2128/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 17.10.2016 ലെ എം3/31435/2016 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.07.2023 ലെ ഡി.കെ.എസ്.എ 1112/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് "പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ" എന്ന പ്രവൃത്തിക്ക് ചെലവാക്കിയ 19,200/- രൂപ അനുബന്ധരേഖകളുടെ അഭാവത്തിൽ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം 19,200/- രൂപ തടസ്സപ്പെടുത്തിയിരുന്നുവെന്നും 2011-12 ൽ "പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ " എന്ന പദ്ധതിയിൽ 43 കുട്ടികൾക്ക് ട്യൂഷൻ നൽകിയെങ്കിലും ടി വിദ്യാർത്ഥികൾ പട്ടിക ജാതിയിലുള്ളവർ എന്നതിന് ഒരു രേഖയും ഹാജരാക്കിയിട്ടില്ലെന്നും മാത്രമല്ല സ്കൂൾ പ്രഥമാദ്ധ്യാപകൻ നൽകിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുമില്ലെന്നും ആയതിനാലാണ് 19,200/- രൂപ തടസ്സപ്പെടുത്തിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 43 കുട്ടികൾക്ക് ട്യൂഷൻ കൊടുക്കാൻ കഴിഞ്ഞുവെന്നും ആയതിനാൽ ടി പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചുവെന്നും കുട്ടികളുടെ ജാതി തെളിയിക്കുന്ന രേഖ വാങ്ങാത്തതും പ്രഥമദ്ധ്യാപകൻ നൽകിയ ലിസ്റ്റ് പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കാത്തതും മനപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ

ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും പരാമർശ ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ **19,200/- രൂപയുടെ ( പത്തൊമ്പതിനായിരത്തി ഇരുനൂറ് രൂപ മാത്രം )**ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/327/2016-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 27-08-2025 15:03:40